# സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - കണ്ണൂർ പോളി ടെക്നിക് കോളേജിലെ മെയിൻ ഗേറ്റിനോട് ചേർന്ന റൂമിൽ വൈദ്യുതികരണം നടത്തുന്നതിനുള്ള ഭരണാനുമതി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/48292/23/ഡി.ടി.ഇ    തിരുവനന്തപുരം , തീയതി: 04.12.2023

---

വായന:- 1.27/09/2023 ലെ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ബി1/2045/22/ജിപിസി -കെ എൻ ആർ

2.തലശ്ശേരി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/10408/2023_6 _1_1

**<u>ഉത്തരവ്</u>**

കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിലെ മെയിൻ ഗേറ്റിനോട് ചേർന്ന റൂമിൽ വൈദ്യുതി ഇല്ലാത്തതിനാൽ നൈറ്റ് വാച്ച് മാൻമാർക്കു ബുദ്ധിമിട്ട് അനുഭവപ്പെടുന്നതിനാൽ, ആയത് പരിഹരിക്കുന്നതിനായി **1,00,000/-( ഒരു ലക്ഷം രൂപ മാത്രം)** രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന (1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം തലശ്ശേരി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥാപനത്തിലെ മെയിൻ ഗേറ്റിനോട് ചേർന്ന റൂമിൽ വൈദ്യുതീകരണം നടത്തുന്നതിനായി 1,00,000/- **( ഒരു ലക്ഷം രൂപ മാത്രം )** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിലെ മെയിൻ ഗേറ്റിനോട് ചേർന്ന റൂമിൽ വൈദ്യുതി ഇല്ലാത്തതിനാൽ നൈറ്റ് വാച്ച് മാൻമാർക്കു ബുദ്ധിമിട്ട് അനുഭവപ്പെടുന്നതിനാൽ, പ്രസ്തുത റൂം വൈദ്യുതീകരണം നടത്തുന്നതിനായി 1,00,000/- **( ഒരു ലക്ഷം രൂപ മാത്രം )** ഭരണാനുമതി അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ച ചെയ്യേണ്ടതാകുന്നു. പ്രസ്തുത ചിലവിന് ആവശ്യമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.
- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Draft #2 of File D4/48292/23/DTE Approved by Director (in-charge) on 04-Dec-2023 07:32 PM - Page 1

ഒപ്പ്/-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, കണ്ണൂർ
2.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഉപ വിഭാഗം, തലശ്ശേരി
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 04.12.2023
Reason: Approved

Draft #2 of File D4/48292/23/DTE Approved by Director (in-charge) on 04-Dec-2023 07:32 PM - Page 2

The document is digitally approved. Hence signature is not needed.